## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6584 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനി പ്രയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലും മാരകമായ കീടനാശിനി കണ്ടെത്തിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്ത് സർക്കിൾ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ ജോലി ചെയ്യുന്ന ഫുഡ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്ക് എടുക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭക്ഷ്യ പരിശോധനാ ലബോറട്ടറികളിൽ പരിശോധിക്കുകയും ചെയ്യാറുണ്ട്. നിയമത്തിൽ നിഷ്കർഷിച്ച പരിധിക്കു മുകളിൽ കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ഇത് കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ? | സി) 1954 -ലെ മായം ചേർക്കൽ നിരോധന നിയമത്തിന് പകരമായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 രാജ്യമൊട്ടാകെ 2011 ആഗസ്റ്റ് 5 മുതൽ നിലവിൽ വന്നു. സംസ്ഥാനത്ത് ഈ നിയമം നടപ്പാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നിയമം പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കൂടുതൽ കാര്യക്ഷമമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ